(ബി) എങ്കിൽ 2004-2005 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് കോർപ്പസ് ഫണ്ടിൽ നിന്ന് വിനിയോഗിക്കാൻ നീക്കി വച്ചിട്ടുള്ളത്;

(സി) പ്രസ്തുത ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്യുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-2005 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് 6536.39 ലക്ഷം രൂപയും (പുതുക്കിയ എസ്റ്റിമേറ്റ്) പട്ടികവർഗ്ഗ വികസന വകുപ്പിന് 1879.76 ലക്ഷം രൂപയും കോർപ്പസ് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ നീക്കിവച്ചിട്ടുണ്ട്.

(സി) സ്വയംതൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കുവാനുതകുന്ന പരിപാടികൾ, വിദ്യാഭ്യാസം, പരിശീലനം, ഭവന നിർമ്മാണം, ശുദ്ധജലം, വൈദ്യുതി, ആരോഗ്യ പരിപാലനം, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ എന്നിവയ്ക്കും പ്രത്യേകിച്ച് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത മറ്റു വികസന പദ്ധതികൾക്കുമാണ് പ്രധാനമായും കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത്. ഇത്തരത്തിലുള്ള ഒരു കോടി രൂപവരെയുള്ള പ്രോജക്റ്റുകൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ സ്റ്റേഷനറി ഗ്രാന്റ്, യൂണിഫോം ഗ്രാന്റ് എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന തുക

133 [3187] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ ഒരു വിദ്യാർത്ഥിയ്ക്ക് സ്റ്റേഷനറി ഗ്രാന്റ്, യൂണിഫോം ഗ്രാന്റ് എന്നിവയ്ക്കു അനുവദിച്ചിരിക്കുന്ന തുക തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത് അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് കാലാനുസൃതമായി പരിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്റ്റേഷനറി ഗ്രാന്റ്

എൽ.പി. വിദ്യാർത്ഥിക്ക് പ്രതിവർഷം	..	100 രൂപ
യു.പി. വിദ്യാർത്ഥിക്ക് പ്രതിവർഷം	..	125 രൂപ
ഹൈസ്ക്കൂൾ വിദ്യാർത്ഥിക്ക് പ്രതിവർഷം	..	200 രൂപ

യൂണിഫോം ഗ്രാന്റ്

എൽ.പി. വിദ്യാർത്ഥിക്ക് പ്രതിവർഷം	..	350 രൂപ
യു.പി. വിദ്യാർത്ഥിക്ക് പ്രതിവർഷം	..	500 രൂപ
ഹൈസ്ക്കൂൾ വിദ്യാർത്ഥിക്ക് പ്രതിവർഷം	..	600 രൂപ

(ബി) 2000-ത്തിലാണ് അവസാനമായി പരിഷ്ക്കരിച്ചത്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

വ്യാജ സർട്ടിഫിക്കറ്റ് നൽകി സർവ്വീസിൽ കയറിയ ഉദ്യോഗസ്ഥൻമാർ

134 [3188] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. മുരളി:
" ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്തവർ വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകി സർവ്വീസിൽ കയറിയതായി എത്ര പരാതികൾ നിലവിലുണ്ട്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സും സ്ക്രൂട്ടണി കമ്മിറ്റിയും അന്വേഷണം നടത്തിയതിൽ എത്ര പേർ ഇപ്രകാരം ജാതി തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഇവർ ഏത് ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസിൽ കയറിയതെന്നും യഥാർത്ഥത്തിൽ ഏത് ജാതിയിൽപ്പെടുന്ന വരാണെന്നും ഏത് തസ്തികയാണ് വഹിക്കുന്നതെന്നുമുള്ള വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ഡി) ഇവർക്കെതിരെയുള്ള കേസുകളിൽ ആരുടെയെല്ലാം കേസുകൾ ഹൈക്കോടതി തള്ളി എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly